# ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർസെക്കന്ററി
# ഡയറക്ടറേറ്റ്-ജില്ലാതല മാർച്ചും ധർണയും

**2013 മെയ് 28**

- **ഏകജാലക പ്രവേശന സമ്പ്രദായം അട്ടിമറിക്കാനുള്ള നീക്കം ഉപേക്ഷിക്കുക, സി.ബി.എസ്.ഇ മാനേജുമെന്റുമായുള്ള ഒത്തുകളി അവസാനിപ്പിക്കുക.**
- **സീനിയോറിറ്റി പാലിക്കാതെയുള്ള വി എച്ച് എസ് ഇ പ്രിൻസിപ്പാൾ പ്രമോഷൻ ഉത്തരവ് റദ്ദുചെയ്യുക.**
- **ഹയർസെക്കന്ററി ബൈട്രാൻസ്ഫർ പ്രമോഷനുള്ള അവസരം നഷ്ടപ്പെടുത്തുന്ന ചട്ടവിരുദ്ധമായ സീനിയോറിറ്റി ലിസ്റ്റ് റദ്ദാക്കുക**
- **എച്ച് എസ് എസ് പ്രിൻസിപ്പാൾ പ്രമോഷനുള്ള സീനിയോറിറ്റി ലിസ്റ്റിലെ അപാകതകൾ പരിഹരിക്കുക**
- **പണിമുടക്കിയതിന്റെ പേരിൽ നടത്തിയ പ്രിൻസിപ്പാൾമാരുടെ സ്ഥലംമാറ്റം റദ്ദു ചെയ്യുക**

സുഹൃത്തേ,

ഹയർസെക്കന്ററി – വൊക്കേഷണൽ ഹയർസെക്കന്ററി മേഖലകളെ തകർച്ചയിലേക്ക് നയിക്കുന്ന പ്രതിലോമനടപടികളുമായി ഡയറക്ടറേറ്റുകളും സർക്കാരും മുന്നോട്ടുപോകുകയാണ്. ഏകജാലക പ്രവേശനത്തിന്റെ കാര്യത്തിൽ സി.ബി.എസ്.ഇ മാനേജുമെന്റുകളുമായി സർക്കാർ കോടതിയിൽപോലും ഒത്തുകളിച്ച സംഭവം പുറത്തുവന്നിരിക്കുകയാണ്. മന്ത്രിയാഫീസിലെ ഹയർസെക്കന്ററി ചുമതലയുള്ള ഉദ്യോഗസ്ഥൻ, പൊതുവിദ്യാഭ്യാസ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥൻ, ഹയർസെക്കന്ററി അക്കാദമിക് ജോയിന്റ് ഡയറക്ടർ എന്നിവർ സി.ബി.എസ്.ഇ മാനേജുമെന്റുകളുമായി ഗൂഡാലോചന നടത്തി എന്ന വാർത്തയാണ് പുറത്തുവന്നിരിക്കുന്നത്. ഇതിനെതിരെ പൊതുസമൂഹം ശക്തമായി പ്രതിഷേധിക്കേണ്ടതുണ്ട്.

വൊക്കേഷണൽ ഹയർസെക്കന്ററി പ്രിൻസിപ്പാൾ പ്രമോഷൻ സീനിയോറിറ്റി മറികടന്നാണ് നടത്തിയിരിക്കുന്നത്. മൂന്ന് ഓപ്ഷൻ ചോദിച്ച സ്ഥലത്ത് ഒഴിവില്ലെങ്കിൽ പ്രമോഷൻതന്നെ ഒഴിവാക്കി ജൂനിയറായവരെ പ്രമോട്ടുചെയ്യുന്ന വിചിത്രമായ രീതിയിലാണ് ഉത്തരവിറങ്ങിയിരിക്കുന്നത്. ഈ ഉത്തരവ് അടിയന്തിരമായി റദ്ദുചെയ്ത് സീനിയോറിറ്റി അടിസ്ഥാനത്തിൽ തസ്തിക സൃഷ്ടിച്ച് പ്രമോഷൻ നൽകണം.

യോഗ്യതയുള്ള അധ്യാപകരുടെ ബൈട്രാൻസ്ഫർ പ്രമോഷന്റെ കാര്യത്തിൽ സ്പെഷ്യൽ റൂളിന്റെ നഗ്നമായ ലംഘനമാണ് നടന്നിരിക്കുന്നത്. നിശ്ചിത യോഗ്യതള്ളവർ ഇല്ലാതെ വന്നാൽ ഒഴിവുകളിൽ അടുത്ത യോഗ്യതയുള്ള ആളിനു പ്രമോഷൻ നൽകണമെന്ന സബോർഡിനേറ്റ് റൂൾ 28(1) എ അനുസരിച്ചല്ല ലിസ്റ്റ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. പി.എസ്.സി റാങ്ക് ലിസ്റ്റിലുള്ള ചിലർക്ക് വേണ്ടി വൻ അഴിമതിയാണ് ബൈട്രാൻസ്ഫർ പ്രമോഷന്റെ കാര്യത്തിൽ നടന്നിരിക്കുന്നത് എന്നാണ് പത്രങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നത്. ചട്ടങ്ങളെ തോന്നുന്നതുപോലെ വ്യാഖ്യാനിക്കുന്ന ഡയറക്ടറേറ്റിന്റെ നടപടികളെ ചെറുത്തു തോൽപ്പിക്കേണ്ടതുണ്ട്.

ചട്ടങ്ങളെ ദുർവ്യാഖ്യാനം ചെയ്തുണ്ടാക്കിയ പ്രിൻസിപ്പാൾ പ്രമോഷന്റെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് രണ്ടുതവണ മാറ്റേണ്ടിവന്നു. ഇപ്പോഴും പ്രശ്നം പരിഹരിച്ചിട്ടില്ല. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി നടത്തുന്ന ഇത്തരം നടപടികളെ ഒരുകാരണവശാലും അംഗീകരിക്കാൻ കഴിയില്ല.

പണിമുടക്കിൽ പങ്കെടുക്കുത്ത രണ്ടുപ്രിൻസിപ്പാൾമാരുടെ സ്ഥലംമാറ്റം ഇതുവരെയും റദ്ദുചെയ്തിട്ടില്ല. വിദ്യാഭ്യാസ മന്ത്രിയുടെ ഓഫീസിലെ ചിലരുടെ വഴിവിട്ട ഇടപെടലാണ് മന്ത്രി നൽകിയ ഉറപ്പ് പോലും നടപ്പാക്കാതിരിക്കാൻ ഇടയാക്കിയത്. പ്രിൻസിപ്പാൾമാരുടെ സ്ഥലംമാറ്റ ഉത്തരവ് രണ്ടുമാസമായി മന്ത്രിയാഫീസിലാണ് വഴിവിട്ടു സ്ഥലംമാറ്റാനുള്ള നീക്കങ്ങളാണ് നടത്തുന്നത്. വലിയ അഴിമതിയാണ് സ്ഥലംമാറ്റത്തിന്റെ പേരിൽ നടക്കുന്നത്.

ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഡയറക്ടറേറ്റിലും ജില്ലാകേന്ദ്രങ്ങളിലും നടക്കുന്ന ധർണ്ണയിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,

**കെ. എൻ. സുകുമാരൻ**
പ്രസിഡന്റ്

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി

**കേരളാ സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ (കെ.എസ്.ടി.എ)**